എൻ. ജി. ഓ.—സിനു കെട്ടിട നിർമ്മാണത്തിനുള്ള ലോൺ.

* 837. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ജി. ഓ.—സിനു് കെട്ടിടനിർമ്മാണത്തിനു ലോൺ കൊടുക്കുന്ന പദ്ധതി ആരംഭിച്ചിട്ടു് എത്ര വർഷമായി ;

(ബി) ഇതനുസരിച്ചു് 100 രൂപയിൽ താഴെ വരുമാനമുള്ള എൻ. ജി. ഓ.-സു് ഓരോ താലൂക്കിലും എത്ര പേർ ലോണിനപേക്ഷിച്ചു ;

(സി) അതിൽ എത്രപേർക്കു് ലോൺ കൊടുത്തു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) എൻ. ജി. ഓ. മാക്കു് മാത്രമായി ഒരു ഭവനനിർമ്മാണ വായ്പ പദ്ധതിയില്ല. നിലവിലിരിക്കുന്ന പദ്ധതി എല്ലാ ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാർക്കും വേണ്ടിയുള്ളതാണു്. ഈ പദ്ധതി ആരംഭിച്ചിട്ടു് ഇപ്പോൾ പത്തു വർഷമായി.

(ബി) വിവരം ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ലോൺ കൊടുക്കുന്നതു് ഇപ്പോഴും നിറുത്തിവച്ചിരിക്കുകയാണു്. ലോൺ ഒന്നും രണ്ടും ഇൻസ്റ്റാൾമെൻറു് വാങ്ങി കെട്ടിടം പണി പൂർത്തിയാകാതെ കിടക്കുന്നതിനു് ബാക്കി ലോൺകൂടി കൊടുക്കുന്നതിനു ആലോചിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇടയ്ക്കു പണമില്ലാതിരുന്നതുകൊണ്ടു ലോൺ കൊടുക്കുന്ന ഏർപ്പാടു് ഒന്നു് മന്ദീഭവിച്ചു. ഇപ്പോൾ അതിലേയ്ക്കു പണമുണ്ടെന്നാണു എന്റെ അറിവു്. അതനുസരിച്ചു് അങ്ങനെയുള്ള കെട്ടിടങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നതാണു്.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : കെട്ടിടം പണി ആരംഭിച്ചശേഷം ഒരു ചെറിയ അഡ്വസു്റ്റുമെൻറു എന്നുള്ള നിലയിൽ ഒരു കതകു് മാറ്റിവയ്ക്കുകയോ മറ്റോ ചെയ്താൽ റിവൈസു്ഡു് എസ്റ്റിമേറു് ഉണ്ടാക്കിക്കൊടുക്കാതെ പണം കൊടുക്കുകയില്ലെന്നുള്ളതുകൊണ്ടു് ചെറിയ അഡ്ജസ്റ്റുമെൻറു് വരുത്തിയാൽ റിവൈസു്ഡു് എസ്റ്റിമേറു കൊടുക്കേണ്ട എന്നു തീരുമാനിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനെക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. പി. ചാക്കോ : ഈ വായ്പ മാനേജ്മെൻറു് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കും കൊടുക്കുന്നതിനുള്ള നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതു ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കുള്ള സ്കീമാണു്. മറ്റുള്ളവർക്കു വേറെ സ്കീം ഉണ്ടു്.

വ്യവസായ സഹകരണസംഘങ്ങൾ

* 838. [9] ശ്രീ. എം. ഗോപാലൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു് എത്ര വ്യവസായ സഹകരണസംഘങ്ങൾ (industrial Co-operative Societies) സ്ഥാപിക്കുവാനാണു് ഗവണ്മെൻറുദ്ദേശിച്ചിട്ടുള്ളതു് ;

(ബി) ഇവയിൽ ഇതേവരെ എത്രയെണ്ണം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്; ഓരോ ഡിസ്ട്രിക്ടിലും എത്രയാണു് ;

(സി) ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണു ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) ചെറുകിട വ്യവസായസഹകരണസംഘങ്ങളെ സ്ഥാപിക്കാനുള്ള ലക്ഷ്യം എണ്ണമായിട്ടല്ല, സഹായധനമായിട്ടാണു് കൂട്ടിച്ചേർത്തിരിക്കുന്നതു്.

(ബി) 301.

തിരുവനന്തപുരം	29
കൊല്ലം	60
ആലപ്പുഴ	46
കോട്ടയം	29
എറണാകുളം	39
തൃശ്ശൂർ	22
പാലക്കാടു്	21
കോഴിക്കോടു്	36
കണ്ണൂർ	19
ആകെ	301

(സി) ചെറുകിട വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾക്കു് മൂലധനച്ചെലവിനത്തിലും യന്ത്രസാമഗ്രികൾ വാങ്ങുന്ന വകയ്ക്കും ഗ്രാന്റു നൽകുന്നുണ്ടു്. കൂടാതെ ചെറുകിട വ്യവസായ സഹായപദ്ധതിയനുസരിച്ചു് പ്രവർത്തനമൂലധനവും, ചില അവസരങ്ങളിൽ ഓഹരിമൂലധനവും വായ്പയായി നൽകുന്നുണ്ടു്. ഖാദിഗ്രാമവ്യവസായ സഹകരണസംഘങ്ങൾക്കു് ഖാദി ബോർഡിൽനിന്നും കരകൗശല വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്കു് വ്യവസായവകുപ്പിൽനിന്നും തന്നെയും ധനസഹായം ചെയ്യുന്നുണ്ടു്. എൻ. ഇ. എസ്. ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന സംഘങ്ങൾക്കു് കെട്ടിടനിർമ്മാണത്തിനും ഫർണീച്ചർ വാങ്ങുന്ന വകയ്ക്കും സഹായധനവും, വായ്പയും അതാതു് ബ്ലോക്കിൽനിന്നും ലഭിക്കുന്നു. ബ്ലോക്കുകളിലെ വ്യവസായ എക്സ്റ്റൻഷൻ ആഫീസറന്മാർ ഇവയ്ക്കു് വേണ്ടുന്ന സാങ്കേതികോപദേശവും നൽകുന്നു. ബ്ലോക്കു് അതിർത്തിയിൽ ഉൾപ്പെടാത്ത വ്യവസായ സംഘങ്ങൾക്കു് സാങ്കേതികോപദേശം നൽകുന്നതിനായി ഓരോ ജില്ലാ വ്യവസായ ആഫീസറുടെ കീഴിലും കെയ്നിക്കൽ ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടു്. ഇവയ്ക്കു് എല്ലാംപുറമെ അവശ്യംവേണ്ടുന്ന നിയമപരവും, സാങ്കേതികവുമായ വിവരങ്ങൾ സംഘങ്ങൾക്കു കൊടുക്കുന്നതിൽ വ്യവസായഡയറക്ടറാഫീസിലെ ചെറുകിട വ്യവസായ സഹകരണ വിഭാഗവും, ഇൻഡ്യാ ഗവണ്മെൻറിന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട വ്യവസായ സർവ്വീസു് ഇൻസ്റ്റിറ്റ്യൂട്ടും നല്ലൊരു പങ്കു വഹിക്കുന്നുണ്ടു്.

ശ്രീ. എൻ. ഭാസ്കരൻ നായർ : മൂന്നാം പദ്ധതിയിൽ ഇൻഡസ്ട്രീയൽ കോവാപ്പറേറ്റീവു് സൊസൈറ്റിക്കു് മാനേജേറിയൽ ഗ്രാന്റായി കൊടുക്കാൻ വച്ചിരുന്ന സംഖ്യ സൊസൈറ്റിയംഗങ്ങൾ 90 ശതമാനവും വക്കേഴ്സല്ലെന്നുള്ള കാരണത്താൽ ലാപ്സായി പോകുന്നുവെന്നുള്ളതിനെ പരിഗണിച്ചു് ആ വ്യവസ്ഥ മാറ്റുന്നതിനു തയ്യാറാകുമോ ?

ശ്രീ. കെ.എ. ദാമോദരമേനോൻ : ഗവണ്മെൻറു് വളരെ ആലോചിച്ചു് എടുത്തിട്ടുള്ള വ്യവസ്ഥയാണതു്. ഈ സംഘങ്ങൾ വ്യവസ്ഥയനുസരിച്ചു പുനഃസംഘടിപ്പിക്കുകയാണു വേണ്ടതു്.

ശ്രീ ഇ. പി. ഗോപാലൻ : ഗവണ്മെൻറിന്റെ കീഴിൽതന്നെ തുടങ്ങാൻ ഉദ്ദേശിച്ചു് യന്ത്രസാമഗ്രികൾ വരുത്തിവച്ചിട്ടുള്ള ഒട്ടുവളരെ പ്രൊഡക്ഷൻ കം ടെയിനിംഗ് സെൻറർസു് സഹകാര്യമാനേജുമെൻറിനു വിട്ടുകൊടുക്കാൻ ശ്രമം നടത്തുന്നതിനുമുമ്പു ഇൻഡസ്ട്രീയൽ കോവാപ്പറേറ്റീവു് സൊസൈറ്റികൾക്കു് വിട്ടുകൊടുക്കാൻ ഏർപ്പാടുചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. മോമോദരമേനോൻ : ഇവ ഇൻഡസ്ട്രീയൽ കോവാപ്പ റേറ്റീവ് സൊസൈറ്റിയായി നടത്തി കൊണ്ടുപോകുന്നതിനുള്ള ശ്രമം വിജ യിച്ചിട്ടില്ല. അതിൽ പരിശീലനം ചെയ്തിട്ടുള്ള ആളുകൾക്ക് പൊതുവിൽ പറഞ്ഞാൽ കോവാപ്പറേറ്റീവ് സൊസൈറ്റി അംഗങ്ങളായി ചേർന്നുപ്രവത്തി ക്കാൻ മനസ്സില്ല. പോരെങ്കിൽ അതിനാവശ്യമായ മൂലധനവും അവർക്കുണ്ടാ ക്കാൻ വൈഷമ്യമുണ്ട്. കോവാപ്പറേറ്റീവ് സൊസൈറ്റികൾക്ക് കൊടുക്കുന്ന ഇന്നത്തെ ധനസഹായത്തിന്റെ തോതുവച്ച് ഈ സൈസൈറ്റികൾക്ക് ധന സഹായം ചെയ്താൽ അവ ആദായകരമായി നടത്താൻ പ്രയാസമുണ്ടെന്നാ ണ് തോന്നുന്നത്. ഇതൊക്കെ നോക്കിയപ്പോൾ ആ മാതിരി നടത്തിക്കൊണ്ടുപോകാൻ പ്രയാസമാണെന്നാണ് ഗവണ്മെന്റു കണ്ടത്.

ഫയർ സ്റ്റേഷനുകൾ

* 839. [10] ശ്രീ. എം. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64 വർഷത്തിൽ എത്ര ഫയർ സ്റ്റേഷനുകൾ തുറക്കുവാൻ ഉദ്ദേശിക്കുന്നു ;

(ബി) എവിടെയെല്ലാം ;

(സി) വടകരയിൽ ഒരു ഫയർ സ്റ്റേഷൻ തുറക്കുവാൻ ഉദ്ദേശിക്കു ന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) 3.

(ബി) കാസർകോട്, പൊന്നാനി, കായംകുളം എന്നീ സ്ഥലങ്ങളിൽ.

(സി) ഉണ്ട്.

(ഡി) നിശ്ചയിച്ചിട്ടില്ല.

ശ്രീ. എം. കൃഷ്ണൻ: ഫയർ സ്റ്റേഷൻസ് തുറക്കാനുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചാണോ ഈ സ്ഥല ങ്ങളിൽ തുറക്കുന്നത് ?

ശ്രീ. പി. ടി. ചാക്കോ ; അങ്ങനെ ഒരു ലിസ്റ്റ് തയാറാക്കിയിരുന്നു. പ്രയാറിറ്റി അനുസരിച്ച് ആ ലിസ്റ്റിൽനിന്നും വരുന്ന സ്ഥലങ്ങളാണ് ഞാൻ പറഞ്ഞത്. അതിനുവേണ്ടി മുന്നൂലക്ഷം രൂപയും ബഡ്ജറ്റിൽ കൊള്ളി ച്ചിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: ഫയർ സ്റ്റേഷൻസിൽ ഉപയോഗിക്കുന്ന വാഹനങ്ങളും, തീ കെടുത്തുന്ന യന്ത്രങ്ങളും വളരെക്കാലം പഴക്കമുള്ളതാണെന്നും, പ്രവത്തനക്ഷമമല്ലെന്നും കണ്ടിട്ടുള്ള കേസുകളിൽ അവ മാറ്റുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള അടിയന്തിരനടപടികളും എടുക്കുമോ ?

ശ്രീ. പി. ടി. ചാക്കോ: ഇതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതിലൊരു ബുദ്ധിമുട്ടുള്ളതു പുതുതായി ഇതിനാവശ്യമുള്ള യന്ത്രങ്ങൾ കിട്ടാൻ വിഷമമുണ്ടെന്നുള്ളതാണ്. ഇക്കൊല്ലം ഫയർ സ്റ്റേഷൻ തുറക്കണമെന്നു വിചാരിച്ച് മൊബൈൽ ടാങ്ക് യൂണിറ്റ്സ്, വെഹിക്കിൾസ്, ആംബു ലൻസ് തുടങ്ങിയവയ്ക്കു എല്ലാം ആർഡർ ചെയ്തെങ്കിലും ആവശ്യമുള്ളതുകിട്ടാൻ സാധിച്ചില്ല. അങ്ങനെ ഒരു ബുദ്ധിമുട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: പാലക്കാട്ട് ഒരു അഗ്നിബാധയുണ്ടായ വിവരം കിട്ടിയപ്പോൾ ഫയർ സ്റ്റേഷനിൽനിന്നും പുറപ്പെട്ട വാഹനം

LIBRARY ARCHIVES Kerala Legislative Assembly